## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2118 05.05.2017 ന് മറുപടിയ്ക്ക്.

**ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകളുടെയും മറ്റ് മൃഗങ്ങളുടെയും ശല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വാമനപുരം നിയോജക മണ്ഡലത്തിലെ വനപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും കാട്ടാനകളുടെയും മറ്റ് വന്യ മൃഗങ്ങളുടെയും ശല്യം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രശ്ന പരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) വനപ്രദേശത്തോട് ചേർന്നു കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിലും, കൃഷിയിടങ്ങളിലും കാട്ടാനകളുടേയും മറ്റ് വന്യമൃഗങ്ങളുടേയും ശല്യം വർദ്ധിച്ചു വരുന്ന സ്ഥലങ്ങളിൽ സോളാർ വേലിയും, കിടങ്ങുകളും പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബി വഴി നിർമ്മിക്കുന്നതിനുള്ള ഇ-ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ ശല്യം കൂടുതലായി കണ്ടുവരുന്ന പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം നിരന്തരം പട്രോളിംഗ് നടത്തി വരുന്നുണ്ട്. കൂടാതെ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സോളാർ വേലികളും കിടങ്ങുകളും കൂടുതൽ മെച്ചപ്പെടുത്തു-ന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ വന്യമൃഗങ്ങൾ കാടിന് പുറത്തേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി Early Warning SMS Alert System ടി സ്ഥലങ്ങളിൽ നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ